# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 39 06.02.2013 -ലെ മറുപടി

**കെ. എസ്. ആർ. ടി. സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നടപടി**

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി :
ശ്രീ. എളമരം കരീം :
" കെ.വി. അബ്ദുൾ ഖാദർ :
" വി. ചെന്താമരാക്ഷൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൻകിട ഉപഭോക്താക്കൾക്ക് ഡീസൽ സബ്സിഡി നിർത്തലാക്കിയതോടെ കെ.എസ്.ആർ. ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കെ.എസ്.ആർ. ടി.സി. എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു; | (എ) | ഈ പ്രതിസന്ധിക്ക് താൽക്കാലിക പരിഹാരമായി സർക്കാർ കെ.എസ്.ആർ. ടി.സി. ക്ക് രണ്ട് മാസത്തേക്ക് 28 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്ന പദ്ധതിക്ക് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) യും (സി) യും | ഇത്തരമൊരു നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | എങ്കിൽ ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | | |
| (ഡി) | 10,000 രൂപ പ്രതിദിനം കളക്ഷൻ ലഭിക്കാത്ത ഏകദേശം 1700 സർവ്വീസുകൾ | (ഡി) | അത്തരത്തിലൊരു തീരുമാനം എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| | നിർത്തിവയ്ക്കാൻ എടുത്ത തീരുമാനം സാധാരണക്കാരായ യാത്രക്കാരെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | | |
| (ഇ) | സബ്സിഡി നിർത്തലാക്കിയ ശേഷം ഇതുവരെയായി ഓരോ ഡിപ്പോയിൽനിന്നും എത്രവീതം സർവ്വീസുകൾ റദ്ദാക്കിയെന്നും ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ ഇതുവരെയായി എന്ത് തുക കുറഞ്ഞു എന്നും വിശദമാക്കുമോ ; | (ഇ) യും (എഫ്) ഉം | ഡീസൽ വില വർദ്ധനവുമായി ബന്ധപ്പെട്ട് സർവ്വീസുകൾ റദ്ദാക്കിയിട്ടില്ലാത്തതിനാൽ പ്രസക്തമല്ല. |
| (എഫ്) | സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നതിന്റെ ഫലമായി സ്വകാര്യ ബസ്സുകൾക്ക് വൻ സാമ്പത്തിക ലാഭവും കെ.എസ്.ആർ.ടി.സി.-യ്ക്ക് നഷ്ടവും ഉണ്ടാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | | |
| (ജി) | സർക്കാർ ധനസഹായവും നികുതിയിളവും നൽകി കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ സർവ്വീസുകളും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ജി) | താൽക്കാലിക അധിക ധനസഹായമായി കെ.എസ്.ആർ.ടി.സി. യ്ക്ക് സർക്കാർ 28 കോടി രൂപ രണ്ട് മാസത്തേക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ